# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2560 06.02.2018-ൽ മറുപടിക്ക്

## ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ. ശശി : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ഈ സർക്കാർ അധികാരമേൽക്കുന്ന അവസരത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട, എത്ര ഭൂരഹിതരായ കുടുംബങ്ങൾ സംസ്ഥാനത്ത് ഉണ്ടായിരുന്നു; ആയത് ഇപ്പോൾ എത്രയെന്ന് വ്യക്തമാക്കാമോ; | എ) | ഈ സർക്കാർ അധികാരമേൽക്കുന്ന അവസരത്തിൽ 45225 പട്ടികജാതി വിഭാഗ കുടുംബങ്ങൾ ഭൂരഹിതരായിരുന്നു. ഇപ്പോൾ 38236 പട്ടികജാതി വിഭാഗ കുടുംബങ്ങൾ ഭൂരഹിതരാണ്.<br>ഈ സർക്കാർ അധികാരമേൽക്കുന്ന അവസരത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 12435 ഭൂരഹിതരായ കുടുംബങ്ങൾ സംസ്ഥാനത്ത് ഉണ്ടായിരുന്നു. ഇപ്പോൾ 11,520 കുടുംബങ്ങളാണ് ഭൂരഹിതരായിട്ടുള്ളത്. 2017-18-ൽ 108 പേർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. |
| ബി) | ഈ സർക്കാർ അധികാരമേൽക്കുന്ന അവസരത്തിൽ ഭൂമി ഉണ്ടായിട്ടും ഭവന രഹിതരായിരുന്ന ഇത്തരം എത്ര കുടുംബങ്ങൾ ഉണ്ടായിരുന്നു; ആയത് ഇപ്പോൾ എത്രയെന്ന് വ്യക്തമാക്കാമോ; | ബി) | ഈ സർക്കാർ അധികാരമേൽക്കുന്ന വേളയിൽ ഭൂമി ഉണ്ടായിട്ടും ഭവനരഹിതരായിരുന്ന 26210 കുടുംബം പട്ടികജാതി വിഭാഗത്തിൽ ഉണ്ടായിരുന്നു. ഇപ്പോൾ 48154 ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർ ഉണ്ട്.<br>പട്ടിക വർഗ്ഗ വിഭാഗത്തിൽ ഈ സർക്കാർ അധികാരമേൽക്കുന്ന സമയത്ത് ഭൂമിയുണ്ടായിട്ടും ഭവനരഹിതരായ 15149 കുടുംബങ്ങൾ ഉണ്ടായിരുന്നു. ആയത് ഇപ്പോൾ 15176 കുടുംബങ്ങൾ ആയിട്ടുണ്ട്. |
| സി) | 2011-16-ലെ സർക്കാർ, ഈ വിഭാഗ ങ്ങളിലെ ഭൂമി ഇല്ലാത്തവർക്ക് ഭൂമി വാങ്ങുന്നതിനും ഭൂമിയുള്ളവർക്ക് വീട് വച്ച് നൽകുന്നതിനുമായി ആകെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; | സി) | 2011-16-ലെ സർക്കാർ പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് 59944.59 ലക്ഷം രൂപയും ഭൂമിയുള്ളവർക്ക് വീട് വച്ച് നൽകുന്നതിന് 54408.71 ലക്ഷം രൂപയും ചെലവഴിച്ചു.<br>2011-16 ലെ സർക്കാർ, പട്ടിക വർഗ്ഗ വിഭാഗത്തിലെ ഭൂമി ഇല്ലാത്തവർക്ക് ഭൂമി വാങ്ങുന്നതിന് 45,10,81,536/- രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്.<br>2011-16 കാലയളവിൽ ഭൂമിയുള്ളവർക്ക് വീട് വച്ച് നൽകുന്നതിനായി 288,22,62,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

<table>
<tr>
<td>ഡി)</td>
<td>ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ;</td>
<td>ഡി)</td>
<td>
പട്ടികജാതി വികസന വകുപ്പിൽ, ഭൂമി വാങ്ങുന്നതിനായി ഈ സർക്കാർ നാളിതു വരെയായി 27898.24 ലക്ഷം രൂപയും, വീട് വച്ച് നൽകുന്നതിനായി 465.238 കോടി രൂപയും ചെലവഴിച്ചു.<br><br>
പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ നാളിതുവരെ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു. അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു.
<table>
<tr><th>വർഷം</th><th>അനുവദിച്ച തുക</th><th>ചെലവഴിച്ച തുക</th></tr>
<tr><td>2016-17</td><td>14,93,71,524</td><td>13,37,64,389</td></tr>
<tr><td>2017-18</td><td>9,68,94,548</td><td>4,53,13,073</td></tr>
<tr><td colspan="2">ആകെ</td><td>17,90,77,462</td></tr>
</table>
ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭവന നിർമ്മാണ പദ്ധതിക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>ചെലവഴിച്ച തുക</th></tr>
<tr><td>2016-17</td><td>202,74,26,520</td></tr>
<tr><td>2017-18</td><td>78,07,75,000</td></tr>
<tr><td>ആകെ</td><td>280,82,01,520</td></tr>
</table>
</td>
</tr>
<tr>
<td>ഇ)</td>
<td>ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ തന്നെ ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വീട് വച്ച് നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?</td>
<td>ഇ)</td>
<td>
പട്ടികജാതി വികസന വകുപ്പിൽ, 2016-17 വർഷം 14846 വീടുകളും 2017-18 വർഷം 7000 വീടുകളും നിർമ്മിക്കുന്നതിന് ഭൗതികലക്ഷ്യം നിശ്ചയിച്ചു നൽകിയിട്ടുണ്ട്. ഈ സർക്കാർ മുഴുവൻ ഭവനരഹിതരായവർക്കും വീട് നിർമ്മിച്ചു നൽകുന്നതിനായി ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണ ധനസഹായം 4 ലക്ഷം രൂപ നിരക്കിൽ നൽകുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>
ഈ സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനരഹിതരായ മുഴുവൻ പട്ടിക വർഗ്ഗക്കാർക്കും വീട് അനുവദിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.
</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**